**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 384** **08-06-2021 - ൽ മറുപടിയ്ക്ക്**

**പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ ലഭ്യത കൂട്ടുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി ഉണ്ടാകുമോ; | (എ) | പുതിയസംരംഭങ്ങൾ തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് സ്വീകരിച്ചു വരുന്നു. സംരംഭകരെ ആകർഷിക്കുന്നതിനും, നല്ല രീതിയിൽ സംരംഭം ആരംഭിച്ചു പ്രവർത്തിപ്പിക്കുന്നതിനുമായി ബ്ലോക്ക്/ താലൂക്ക്/ ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ കളമശ്ശേരി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെന്യൂർഷിപ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിൽ സംരംഭകത്വവുമായി ബന്ധപ്പെട്ട വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സ്ഥാപനം തുടങ്ങുന്നതിനും അതിനായി ഉള്ള ലൈസൻസുകളും, മറ്റ് അനുമതികളും ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടും ഉള്ള വിഷയങ്ങളിൽ ആവശ്യമായ സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും, താലൂക്ക് വ്യവസായ ഓഫീസുകൾ വഴിയും നൽകി വരുന്നുണ്ട്. ഇതിന് പുറമെ സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയ പ്പെടുത്തുന്നതിനുള്ള മെഷീനറി എക്സ്പോ, ബാങ്കുകളിൽ നിന്നും മറ്റും ഉള്ള സേവനങ്ങൾ സുഗമമാക്കാൻ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളെ സംരംഭകത്വത്തിലേക്ക് ആകർഷിച്ച്, സംരംഭ കത്വത്തിന് സുസജ്ജരാക്കി അവരെ തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കൾ ആക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ ഹയർ സെക്കന്ററി തലം മുതൽ ഇ.ഡി ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സംരംഭം ആരംഭിക്കുന്ന മുറയ്ക്ക് ധന സഹായം നൽകുന്ന പദ്ധതികളും നടപ്പാക്കി വരുന്നു. കെ.എസ്.ഐ.ഡി.സി ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ |

| | | | |
|---|---|---|---|
| | | | പലിശനിരക്കിൽ 10000 ലക്ഷം രൂപ വരെ വായ്പയായി നൽകിയിരുന്നു. പ്രസ്തുത ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃ തമായി ലഘൂകരിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപ വരെ വായ്പയായി ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൂടാതെ പുതിയ ഉൽപാദന വ്യവസായങ്ങൾക്ക് കേരള സർക്കാരിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നൽകുന്നുണ്ട്. |
| (ബി) | ഐ.ടി മേഖലയിൽ ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി സാമ്പത്തിക സഹായം അനുവദിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് 4. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള പദ്ധതി 5. വ്യവസായ ഭദ്രത പദ്ധതി വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിന്റെ ഭാഗമായി നിലവിലെ KSWIFT പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് KSWIFTന്റെ പുതിയ വെർഷൻ ഈ വർഷം പുറത്തിറക്കുന്നു. ഈ പോർട്ടൽ വഴിയുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് എല്ലാ താലൂക്ക് വ്യവസായ ഓഫീസിലും ഒരു Resource Personനു ചുമതല നൽകുന്നതാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ ആകണം എന്നുള്ള നയത്തിന് ഈ ഒരു സംവിധാനം സഹായകമാകും. നിലവിൽ വ്യവസായ ഭൂമിക്കുള്ള അപേക്ഷ സ്വീകരിക്കൽ മാത്രമാണ് ഓൺലൈൻ ആയി നടത്തുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ഭൂമി അനുവദിക്കുന്നതും ഓൺലൈൻ വഴി ആക്കുന്നതാണ്. ഇതിനാവശ്യമായ നടപടികൾ NICയുമായി ചേർന്ന് കൊണ്ട് നടത്തി വരുന്നുണ്ട്. ഐ.ടി അധിഷ്ഠിത മേഖലയിൽ കിൻഫ്രയുടെ 2.3 ലക്ഷം ചതു. അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയം പ്രത്യേക സാമ്പത്തിക മേഖലയാക്കി മാറ്റുവാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ച് അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര ഗവൺമെന്റ് വിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനം ഒറ്റയ്ക്കോ മറ്റ് സംസ്ഥാനങ്ങളുമായി പങ്കാളിത്തത്തിലോ ഏറ്റെടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്.പ്രിന്റ് ലിമിറ്റഡ് (എച്ച്.എൽ.എൽ), കോട്ടയം എന്നിവയെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർ നടപടികൾ വേഗത്തിൽ സ്വീകരിച്ചുവരുന്നു. ഇത് കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ